LIBRARY ARCHIVES Kerala Legislative Assembly

അരൂർ മണ്ഡലത്തിലെ തുറവൂർ ആശുപത്രിയുടെ സ്ഥലമെടുപ്പ്

147(3069) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ ആശുപത്രിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ എന്താണ്;

(ബി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ് ഏതു ഘട്ടത്തിലാണ്;

(സി) സ്ഥലമെടുപ്പ് നടപടികൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) തുറവൂർ ആശുപത്രിയുടെ വികസനത്തിനായി അടിയന്തരമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തുറവൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുള്ളതും അവാർഡ് പാസ്സാക്കിയിട്ടുള്ളതുമാണ്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെയുള്ള ഡബ്ല്യു.പി.(സി) 28198/11 നമ്പർ ഹർജിയിലെ ഇടക്കാല ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നത് തടഞ്ഞിട്ടുള്ളതാണ്.

(ബി) പ്രസ്തുത റിട്ട് ഹർജി ഇപ്പോഴും നിലവിലുണ്ട്.

(സി&ഡി) പൊന്നുംവില നടപടികൾ പൂർത്തിയായിട്ടുള്ളതിനാൽ തുടർ നടപടികൾ അവശേഷിക്കുന്നില്ല. സ്റ്റേ നീക്കിയാൽ സ്ഥലം ഏറ്റെടുത്ത് കൈമാറാനാകും. സ്റ്റേ മാറ്റി കിട്ടുന്നതിനായി അഡ്വക്കേറ്റ് ജനറലിന് കളക്ടർ കത്തെഴുതുകയും early posting - നുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതി ഐ.എ. ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസ് അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതാണ്.

റാന്നി താലൂക്കിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ള കർഷകർ

148(3070) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ള എത്ര കർഷകർ ബാക്കിയുണ്ട് എന്നും എത്ര ഹെക്ടർ സ്ഥലത്തിനു ഇത്തരത്തിൽ പട്ടയം നൽകാനുണ്ട് എന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) താലൂക്കിൽ പട്ടയം ലഭിക്കാനുള്ളവരിൽ ഗ്രോ മോർ ഫുഡ് പദ്ധതിപ്രകാരം കൃഷിഭൂമി ലഭിച്ചവർ ഏതൊക്കെ വില്ലേജുകളിൽ ഉണ്ടെന്നും ഇത്തരക്കാരിൽ എത്ര പേർക്ക് പട്ടയം ലഭിക്കാനുണ്ടെന്നും ആകെ എത്ര ഹെക്ടർ സ്ഥലമാണ് ഇത്തരത്തിൽ പട്ടയം ലഭിക്കാനുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) അത്തിക്കയം, തെക്കേത്തോട്ടി, ചുരക്കുഴി പ്രദേശങ്ങളിലെ കർഷകരുടെ പട്ടയ പ്രശ്നം പരിഹരിക്കാൻ നടപടിയായിട്ടുണ്ടോ ;

(ഡി) ചുരക്കുഴിഭാഗത്ത് നേരത്തെ കരം അടച്ചിരുന്ന ഭൂമിയുടെ കരം അടവ് റദ്ദുചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കുടുംബങ്ങളുടെ കരം അടവാണ് ഇത്തരത്തിൽ റദ്ദുചെയ്തത് ; ഇതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ചുരക്കുഴിയിലെ കൈവശ കർഷകരുടെ റദ്ദുചെയ്ത കരമടവ് പുനസ്ഥാപിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; കരമടവ് പുനഃസ്ഥാപിക്കാൻ വേണ്ടി വരുന്ന കാലയളവ് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) റാന്നി താലൂക്കിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ താഴെപ്പറയും പ്രകാരം കൈവശഭൂമിക്ക് പട്ടയം നൽകാനായി ഉണ്ട് :

പഞ്ചായത്ത്	കൈവശങ്ങളുടെ എണ്ണം	വിസ്തീർണ്ണം (H)
പെരുനാട്	730	283.00.00
നാറാണംമൂഴി	579	163.06.34
വെച്ചൂച്ചിറ	490	177.00.22
പഴവങ്ങാടി	254	33.42.06
വടശ്ശേരിക്കര	54	15.00.00

(ബി) റാന്നി താലൂക്കിൽ ഗ്രോമോർ ഫുഡ് പദ്ധതി പ്രകാരം കൊല്ലമുള വില്ലേജിൽ (പെരുനാട് ഗ്രാമപഞ്ചായത്ത്-പമ്പാവാലി) 290 കൈവശങ്ങളിലായി 69.00.00 ഹെക്ടർ സ്ഥലത്തിന് പട്ടയം ലഭിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റാന്നി താലൂക്കിലെ അത്തിക്കയം-തെക്കേതൊടി, ചൂരക്കുഴി പ്രദേശങ്ങളിലെ പട്ടയ പ്രശ്നം പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ചൂരക്കുഴി ഭാഗത്ത് നേരത്തെ കരം അടച്ചിരുന്ന ഭൂമിയുടെ കരം അടവ് റദ്ദ് ചെയ്തിട്ടുണ്ട്. 88 കുടുംബങ്ങളുടെ കരം അടവാണ് ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുള്ളത്. പട്ടയം ലഭിച്ചിട്ടുള്ളവർ പതിവ് ചട്ടങ്ങൾക്ക് വിരുദ്ധമായി കൈമാറ്റം ചെയ്തതിനാൽ കൊല്ലം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 6-8-1981-ലെ 20335/സി2/81/ആർ.ഡി.നമ്പർ സർക്കാർ കത്തിലെ നിർദ്ദേശാനുസരണം തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസർ 25-5-2012-ലെ 5711/11/ബി1 ഉത്തരവ് പ്രകാരമാണ് പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുള്ളത്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടയത്തിനുള്ള അപേക്ഷ സ്വീകരിച്ച് കൈവശം അളന്ന് തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കി. 224 കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റിവർ മാനേജ്മെന്റ് ഫണ്ട്

149(3071) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന റിവർമാനേജ്മെന്റ് ഫണ്ടിലേക്ക് ഓരോ ജില്ലയിൽനിന്നും ലഭിച്ച ഇകയുടെ വിശദാംശങ്ങൾ 1-7-2011 മുതൽ 31-10-2014 വരെയുള്ളത് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഇക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇകയുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) ഇകയുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly